## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംബന്ധിച്ച് റൂൾ 300 പ്രകാരമുള്ള പ്രസ്താവന

മി. സ്പീക്കർ : വിഴിഞ്ഞം അന്താരാഷ്ററട തുറമുഖത്തിന് പാരിസ്ഥിതിക അനുമതി ലഭിച്ച് സംഭന്ധിച്ച ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മത്സ്യബ ന്ധനവും തുറമുഖവും എക്സൈസ് വകുപ്പുമന്ത്രി നടത്തുന്ന പ്രസ്താവന.

മത്സ്യബന്ധനവും തുറമുഖവും എക്സൈസ് വകുപ്പുമന്ത്രി, (ശ്രീ. കെ. ബാബു ) : കഴിഞ്ഞ കാൽ നൂറ്റാണ്ടായി കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കി യിരിക്കുന്ന ഒരു സ്വപ്ന പദ്ധതിയാണ് നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി. തുറമുഖം യാഥാർത്ഥ്യമാക്കു ന്നതിലേയ്ക്ക് കേരളത്തിൽ കാലാകാലങ്ങളിൽ അധികാരത്തിലെത്തിയ സർക്കാരുകൾ തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. സഭാംഗങ്ങളും ജനങ്ങളും ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടം മുതൽ പ്രകടിപ്പിക്കുന്ന താല്പര്യം ശുഭോദർക്കമാണ്. 13-ാം കേരള നിയമസഭയുടെ എല്ലാ സമ്മേളന വേളയിലും വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിക്കുക യുണ്ടായി. അതാതു ഘട്ടങ്ങളിൽ ഉണ്ടാകുന്ന പുരോഗതി ഞാൻ ബഹുമാന പ്പെട്ട സഭയെ അറിയിക്കുകയും ചെയ്തിരുന്നു. സൂപ്പർ ടാങ്കറുകളും ഏറ്റവും വലിയ കണ്ടെയ്നറുകളും ഉൾക്കൊള്ളുവാനാകുന്ന ഈ മേജർ തുറമുഖം കേരളത്തിന് വൻ വികസന സാദ്ധ്യതകളുടെ വാതായനം തുറക്കുന്ന ഒരു മെഗാ പ്രോജക്ടാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി അവിസ്മരണീയമായ ഒരു നാഴികക്കല്ല് ഇപ്പോൾ പിന്നിടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന വിവരം സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതിക അനുമതിയും CRZ അനുമതിയും നൽകി. 03/01/2014- ൽ ഉത്തരവായിരിക്കുന്നു.

പദ്ധതിയുടെ ഉപദേശകരായിരുന്ന International Finance Corporation (IFC) പാരിസ്ഥിതിക അനുമതിക്കായി നടത്തിയ ചില സാങ്കേതിക പഠനങ്ങൾ വീണ്ടും നടത്തേണ്ടി വന്നതിനാലും ചില സംഘടനകളുടെ ആവർത്തിച്ചുള്ള എതിർപ്പ് കാരണവും അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ കാലതാമസം നേരിട്ടു. പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന സാങ്കേതികവും അല്ലാതെയുമുള്ള എല്ലാ ആക്ഷേപങ്ങളും സംബോധന ചെയ്ത് വിശദമായ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുള്ളത്.

ഈ കാലയളവിൽ തന്നെ പദ്ധതിയുടെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കി. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ഇപ്പോഴത്തെ മാസ്റ്റർ പ്ലാൻ തയ്യറാക്കിയിട്ടുള്ളത്. 9000 ടി.ഇ.യു. വെസ്സൽ അടുപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്ന പഴയ മാസ്റ്റൽ പ്ലാനിൽനിന്നും 18,000 ടി.ഇ.യു. വെസ്സൽസ് അടുപ്പിക്കുന്ന തരത്തിലേക്കുള്ള സ്ഥിതയിലാണ് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ മദർ വെസ്സൽ അടുപ്പിക്കുന്നതിനുള്ള സൗകര്യത്തോ

ടുകൂടിയാണ് തുറമുഖരൂപകൽപന തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് പോർട്ട് നിർമ്മിക്കുന്നതിനുള്ള ചിലവ് 2616 കോടിയിൽ നിന്നും 3640 കോടി യായി ഉയർന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ, വൈദ്യുതി, വെള്ളം, റെയിൽവേ, റോഡ് എന്നിവ ഒഴിവാക്കിയിട്ടുള്ള ചെലവാണ് ഇത്.

പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് (V.G.F) ലഭ്യമാക്കു ന്നതിനുവേണ്ടി ലാൻഡ് ലോഡ് മോഡലിൽ തന്നെ നിലനിർത്തിക്കൊണ്ട് പദ്ധതി സർക്കാർ പുനർനിർണ്ണയിച്ചിട്ടുണ്ട്.

പദ്ധതിക്ക് പുനർ നിർണ്ണയം ചെയ്തതനുസരിച്ച് പദ്ധതിക്കുള്ള ബ്രേക്ക് വാട്ടർ നിർമ്മാണവും, ഫിഷ്ലാന്റിങ്ങ് സെന്റർ, കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവയ്ക്കു വേണ്ടി ബർത്തുകൾ നിർമ്മിക്കുന്നതിനുള്ള EPC (Engineering Procurement Construction*)* കോൺട്രാക്ടറെയും, ഡ്രെഡ്ജിംഗ്, റിക്ലമേഷൻ ബെർത്ത്, സൂപ്പർസ്ട്രക്ച്ചർ എക്വിപ്പ്മെന്റ് ഓപ്പറേ ഷൻ എന്നിവക്കുള്ള പിപ.പി. ( പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്) പങ്കാളി യെയും കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡറുകൾ RFQ (Request For Qualification) കൾ ഡിസംബർ 4–ാം തീയതി ക്ഷണിച്ചിട്ടുണ്ട്. ടെൻഡറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നിക്ഷേപകരുടെ അഭ്യർത്ഥന പ്രകാരം ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 21–ൽ നിന്ന് 2014 ഫെബ്രുവരി 4 ആയി ഇപ്പോൾ ദീർഘിപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ മാസം തന്നെ കേന്ദ്ര Planning Commission –ന്റെയും സംസ്ഥാന Planning Board –ന്റെയും സഹകരണത്തോടുകൂടി ഒരു റോഡ് ഷോ മുംബെയിൽ സംഘടിപ്പി

ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം തന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിക്കായി സർക്കാർ ഇതിനകം 629 കോടി രൂപ തുറമുഖ കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇതിൽ 421 കോടി രൂപ ഈ സർക്കാരിന്റെ കാലത്താണ് നൽകിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ നോട്ടിഫൈ ചെയ്ത 214 ഏക്കറിൽ 192 ഏക്കർ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു. ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. റയിൽവെ ലൈനിനുള്ള പഠന റിപ്പോർട്ട് RVNL തയ്യാറാക്കിയിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭിച്ച സ്ഥിതിക്ക് റിപ്പോർട്ട് റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. അതിനുശേഷം ഇതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

പദ്ധതി ധനസമാഹരണത്തിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഇൻഡ്യൻ കാബോട്ടാഷ് നിയമത്തിൽ ഇളവ് അനിവാര്യമാണ്. ഇളവ് ലഭിക്കുന്നതിന് വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും ഇതിനകം തന്നെ സംസ്ഥാന സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര പ്രതിരോധ മന്ത്രിക്കും കേന്ദ്ര ധനകാര്യമന്ത്രിക്കും കേന്ദ്ര ഷിപ്പിംഗ് മന്ത്രിക്കും ഇത് സംബന്ധിച്ച് നിവേദനം സമർപ്പിച്ചിച്ചു.

കൂടാതെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ജനുവരി 3-ാം തീയതി സംസ്ഥാനം സന്ദർശിച്ച വേളയിൽ ഈ ആവശ്യം ബഹുമാനപ്പെട്ട മുഖ്യ

മന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മുമ്പാകെ ഒന്നുകൂടി ഉന്നയിക്കുകയുണ്ടായി.

പാരിസ്ഥിതികാനുമതി ലഭിച്ചതോടെ പദ്ധതി ഒന്നുകൂടി പ്രാവർത്തികമാക്കാനുള്ള സാഹചര്യം സംജാതമായിരിക്കുന്നു. ഇന്ത്യയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുള്ള ഏക "ഗ്രീൻഫീൽഡ് " തുറമുഖ പദ്ധതി എന്ന നിലയിലും മറ്റ് സാങ്കേതിക പഠനങ്ങൾ പൂർത്തിയാക്കിയതിനാലും അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജലം, റോഡ് എന്നിവ ലഭ്യമാക്കിയിട്ടുള്ളതുകൊണ്ടും ലോകത്തെ മുൻനിര നിക്ഷേപകരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കാനാകുമെന്ന കാര്യത്തിൽ സർക്കാരിന് ശുഭാപ്തി വിശ്വാസമുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള റോഡ് മാപ്പ് തയ്യാറാക്കിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സാക്ഷാത്ക്കരിക്കുന്ന പ്രവർത്തനങ്ങളിൽ ഈ മഹനീയ സഭാംഗങ്ങൾ നൽകിയ പിന്തുണയും പ്രോത്സാഹനവും സർക്കാർ നന്ദിയോടെ സ്മരിക്കുന്നു. അതോടൊപ്പം തന്നെ ഈ പദ്ധതിയെ അകമഴിഞ്ഞ് പിന്തുണച്ച കേരളീയ പൗരസമൂഹത്തോടും കേന്ദ്ര മന്ത്രിമാരോടും സർക്കാരിന്റെ ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടേയും നിർലോഭമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ..... സർ.........

മി. സ്പീക്കർ: ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുമേൽ ചർച്ച

യോ ചോദ്യമോ പാടില്ല.